# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 21.02.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ബ്രസീൽ പ്രസിഡൻറ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവയുമായി കൂടിക്കാഴ്ച്ച നടത്തും.

**Prime Minister Narendra Modi will meet Brazilian President Luiz Inacio Lula da Silva in New Delhi today.**

2). ഗുവാഹത്തിയിൽ ഇന്ന് നടക്കുന്ന സി.ആർ.പി.എഫിൻറെ 87-ാമത് റൈസിംഗ് ഡേ പരേഡിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ പങ്കെടുക്കും.

**Union Home Minister Amit Shah will attend the 87th Raising Day Parade of the CRPF in Guwahati today.**

3). അഞ്ച് ദിവസത്തെ ഇന്ത്യ AI ഇംപാക്ട് ഉച്ചകോടിയ്ക്ക് ന്യൂഡൽഹിയിൽ സമാപനം; മികച്ച പ്രതികരണം കണക്കിലെടുത്ത് എക്സ്പോ ഇന്നത്തേക്ക് കൂടി നീട്ടി.

**The five-day India AI Impact Summit concludes in New Delhi; The Expo has been extended by today due to the good response.**

4). രാജ്യത്ത് ടെറ്റനസ്, ഡിഫ്ത്തീരിയ തുടങ്ങിയ ഗുരുതര രോഗങ്ങളിൽ നിന്ന് സംരക്ഷണം നൽകുന്നതിനുള്ള വാക്സിൻ കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡ ഇന്ന് പുറത്തിറക്കും.

**Union Health Minister JP Nadda will launch the vaccine to protect the country from serious diseases like tetanus and diphtheria today.**

5). **കേരളത്തിൽ, എസ്.ഐ. ആർ പ്രക്രിയ പൂർത്തിയായി. അന്തിമ വോട്ടർ പട്ടിക ഇന്ന് പ്രസിദ്ധീകരിക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ.**

**Chief Electoral Officer Ratan U Khelkar said that the final voter's list as part of the SIR in Kerala will be published today.**

6). **ട്വൻറി - 20 ലോകകപ്പ് സൂപ്പർ എയിറ്റ് ആദ്യ മത്സരത്തിൽ ഇന്ന് ന്യൂസിലൻഡ് പാകിസ്ഥാനെ നേരിടും.**

**New Zealand will face Pakistan in the first match of the Twenty20 World Cup Super Eight.**

*********************************

**PM - BRAZIL BILATERAL(INTRO)**

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ബ്രസീൽ പ്രസിഡൻറ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവയുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും. ബഹുമുഖ സഹകരണം, ആഗോള ഭരണ സംവിധാനം, ഗ്ലോബൽ സൗത്തുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവയുൾപ്പെടെ പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളിൽ ഇരു നേതാക്കളും കാഴ്ചപ്പാടുകൾ കൈമാറും.

**വിശദാംശങ്ങളിലേക്ക്....**

**(VOICE....................)**

ഇന്ത്യയും ബ്രസീലും 2006 മുതൽ തന്ത്രപരമായ പങ്കാളിത്തം ശക്തമായി തുടരുകയാണ്. വ്യാപാരം, നിക്ഷേപം, പ്രതിരോധം, ഊർജ്ജം, കൃഷി, ആരോഗ്യം ഉൾപ്പെടെയുള്ള മേഖലകളിൽ ഉഭയകക്ഷി ഇടപെടൽ കൂടുതൽ ശക്തമാക്കുകയാണ് കൂടിക്കാഴ്ചയുടെ ലക്ഷ്യം. യു.എൻ പരിഷ്കാരങ്ങൾ, കാലാവസ്ഥാ വ്യതിയാനം, ഭീകരതയെ ചെറുക്കൽ തുടങ്ങിയ അന്താരാഷ്ട്ര വിഷയങ്ങളിൽ ഇരു രാജ്യങ്ങളും പൊതുവായ കാഴ്ചപ്പാടുകൾ പങ്കിടുന്നു. ബ്രസീൽ പ്രസിഡൻറ് ഇന്ന് രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ എന്നിവരുമായും കൂടിക്കാഴ്ച നടത്തും. വിദേശകാര്യമന്ത്രി എസ് ജയ്ശങ്കറുമായും ലുല ഡ സിൽവ വിവിധ വിഷയങ്ങളിൽ ചർച്ച നടത്തും.

ന്യൂസ്ഡെസ്ക് ആകാശവാണി.....

*********************************

## PM-FOXCONN

ഉത്തർപ്രദേശിലെ യമുന എക്സ്പ്രസ് വേ ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് അതോറിറ്റിയിൽ എച്ച്സിഎൽ-ഫോക്സ്കോൺ സംയുക്ത സംരംഭ പദ്ധതിയുടെ ശിലാസ്ഥാപന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വീഡിയോ കോൺഫറൻസിംഗിലൂടെ പങ്കെടുക്കും. ആഭ്യന്തര ഉൽപ്പാദന ശേഷി ശക്തിപ്പെടുത്തുന്നതിനും കരുത്തുറ്റ ആഗോള വിതരണ ശൃംഖലകൾ കെട്ടിപ്പടുക്കുന്നതിനുമുള്ള കേന്ദ്രസർക്കാരിൻറെ ശ്രമങ്ങളുടെ ഭാഗമാണ് പദ്ധതി.

*********************************

## PM-MEERUT

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഉത്തർപ്രദേശിലെ മീററ്റ് സന്ദർശിക്കും. 12,930 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. ശതാബ്ദി നഗർ നമോ ഭാരത് സ്റ്റേഷനിൽ മീററ്റ് മെട്രോയുടെയും നമോ ഭാരത് ട്രെയിനിന്റെയും ഫ്ലാഗ് ഓഫ് പ്രധാനമന്ത്രി നിർവഹിക്കും. മീററ്റ് സൗത്ത് സ്റ്റേഷൻ വരെ അദ്ദേഹം മെട്രോയിൽ യാത്ര ചെയ്യും.

*********************************

## INDIA AI SUMMIT ( INTRO )

അഞ്ചു ദിവസത്തെ ഇന്ത്യ A.I ഇംപാക്ട് ഉച്ചകോടിയ്ക്ക് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ സമാപനമായി. ആഗോള നിർമ്മിതബുദ്ധി ആഖ്യാനത്തെ രൂപപ്പെടുത്തുന്നതിൽ ഇന്ത്യയുടെ വർധിച്ചു വരുന്ന നേതൃപരമായ പങ്കാണ് ഉച്ചകോടിയിലൂടെ പ്രതിഫലിച്ചതെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് മാധ്യമങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു. 20-ലധികം രാഷ്ട്രത്തലവന്മാരും 118 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളും ഉച്ചകോടിയിൽ പങ്കെടുത്തു. നിർമിതബുദ്ധി രംഗത്തെ 500-ലധികം വിദഗ്ദ്ധർ, CEO-മാർ എന്നിവരും പരിപാടിയുടെ ഭാഗമായതായി കേന്ദ്രമന്ത്രി പറഞ്ഞു.

**(VOICE......................)**

ഇന്ത്യ എ.ഐ ഇംപാക്ട് എക്സ്പോയിൽ ഇന്നും പ്രവേശനമുണ്ടാകും. മികച്ച പ്രതികരണം കണക്കിലെടുത്ത് എക്സ്പോ ഒരു ദിവസം കൂടി നീട്ടുകയായിരുന്നു.

*********************************

## AMIT SHAH – ASSAM

ഇന്ന് ഗുവാഹത്തിയിൽ നടക്കുന്ന സി.ആർ.പി.എഫിൻറെ 87-ാമത് റൈസിംഗ് ഡേ പരേഡിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ മുഖ്യാതിഥിയായി പങ്കെടുക്കും. തുടർന്ന് ഉച്ചകഴിഞ്ഞ് കച്ചുത്തോളിയിൽ പത്താം അസം പോലീസ് ബറ്റാലിയൻറെ പുതിയ കാമ്പസിൻറെ ശിലാസ്ഥാപനം അദ്ദേഹം നിർവഹിക്കും.

ഇതാദ്യമായാണ് സിആർപിഎഫിൻറെ വാർഷിക റൈസിംഗ് ഡേ പരേഡ് അസമിലും വടക്കുകിഴക്കൻ മേഖലയിലുമായി സംഘടിപ്പിക്കുന്നത്. അർജുൻ ഭോഗേശ്വർ ബറുവ സ്റ്റേഡിയത്തിൽ നടക്കുന്ന പരേഡിൽ, എട്ട് വിഭാഗങ്ങളിലായി ഏകദേശം 1,400 സിആർപിഎഫ് ജവാന്മാർ അണിനിരക്കും.

*********************************

## International Mother Language Day

ഇന്ന് ലോക മാതൃഭാഷാ ദിനം. ഭാഷാപരവും സാംസ്കാരികവുമായ വൈവിധ്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനായാണ് ഫെബ്രുവരി 21 ന് ദിനാചരണം സംഘടിപ്പിക്കുന്നത്. "ബഹുഭാഷാ വിദ്യാഭ്യാസത്തിലെ യുവ ശബ്ദങ്ങൾ" എന്നതാണ് ഈ വർഷത്തെ പ്രമേയം. മാതൃഭാഷയിൽ ആശയവിനിമയം നടത്തുകയും കുട്ടികളെ പഠിപ്പിക്കുകയും ചെയ്യണമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ആഹ്വാനം ചെയ്തു. ത്രിപുരയിലെ അഗർത്തലയിൽ നടന്ന സംയുക്ത പ്രാദേശിക ഔദ്യോഗിക ഭാഷാ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

*********************************

## NADDA – VACCINE

രാജ്യത്ത് ടെറ്റനസ്, ഡിഫ്തീരിയ തുടങ്ങിയ ഗുരുതര രോഗങ്ങളിൽ നിന്ന് സംരക്ഷണം നൽകുന്നതിനായുള്ള വാക്സിൻ ഇന്ന് പുറത്തിറക്കും. ഹിമാചൽ പ്രദേശിലെ കസൗലിയിലുള്ള സെൻട്രൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ മന്ത്രി ജെ.പി. നഡ്ഡയാണ് വാക്സിൻ പുറത്തിറക്കുക. രാജ്യത്തെ പൊതുജനാരോഗ്യ സംവിധാനം ശക്തിപ്പെടുത്തുകയും പ്രതിരോധ കുത്തിവെപ്പ് യജ്ഞങ്ങൾ കൂടുതൽ ഫലപ്രദമാക്കുകയും ലക്ഷ്യമിട്ടാണ് ടെറ്റനസ് ആൻഡ് ഡിഫ്തീരിയ വാക്സിൻ അവതരിപ്പിച്ചത്.

**********************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ. പരിപാടിയുടെ 131-ാം പതിപ്പാണിത്. ദൂരദർശൻറെയും ആകാശവാണിയുടെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും.

**********************************

**ബ്രേക്ക്...............**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.

**********************************

## US TARIFF – INDIA – (INTRO)

ഇന്ത്യയുമായുള്ള വ്യാപാര കരാറിൽ മാറ്റമില്ലെന്നും തടസ്സരഹിതമായി വ്യാപാരം തുടരുമെന്നും യു.എസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്. സ്വാതന്ത്ര്യവ്യാപാരകരാറിൽ ധാരണയായതോടെ ഇന്ത്യയ്ക്കുള്ള 25 ശതമാനം തീരുവ 18 ആയി കുറയ്ക്കാൻ അമേരിക്ക തീരുമാനിച്ചിരുന്നു.

**വിശദാംശങ്ങളിലേക്ക്....................**

**(VOICE……….)**

വ്യാപാര പങ്കാളികളായ രാജ്യങ്ങൾക്ക് മേൽ അധിക തീരുവ ചുമത്തിയ നടപടി റദ്ദാക്കിയ യു.എസ് സുപ്രീം കോടതി ഉത്തരവിൻറെ പശ്ചാത്തലത്തിൽ, വൈറ്റ് ഹൗസിൽ വാർത്താ സമ്മേളനം നടത്തുകയായിരുന്നു ട്രംപ്. വിധിയെ വിമർശിച്ച ട്രംപ്, തീരുമാനം അങ്ങേയറ്റം നിരാശാജനകമാണെന്ന് പ്രതികരിച്ചു. ആഗോളതലത്തിൽ 10 % അധിക തീരുവ ഏർപ്പെടുത്തുന്നതിനുള്ള ഉത്തരവിൽ താൻ ഒപ്പുവെക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. ദേശീയ അടിയന്തരാവസ്ഥകളിൽ ഉപയോഗിക്കാനുള്ള നിയമം ദുരുപയോഗം ചെയ്ത് ട്രംപ് അധികാര പരിധി ലംഘിച്ചെന്നാണ് യു എസ് സുപ്രീം കോടതിയുടെ കണ്ടെത്തൽ. 1977- ലെ ഇൻറർനാഷണൽ എമർജൻസി ഇക്കണോമിക് പവേഴ്സ് ആക്ട് നിയമപ്രകാരം ലെവികൾ ചുമത്തുന്നത് അനുവദനീയമല്ലെന്നും കോടതി വിധിച്ചു. 6-3 ഭൂരിപക്ഷത്തിലാണ് വിധി പ്രസ്താവിച്ചത്.

ന്യൂസ് ഡെസ്ക്, ആകാശവാണി……..

*********************************

**SC-WB SIR**

പശ്ചിമ ബംഗാളിലെ എസ്.ഐ.ആർ പ്രക്രിയയിൽ തിരഞ്ഞെടുപ്പ് കമ്മീഷനെ സഹായിക്കുന്നതിന് സർവീസിലുള്ളതും വിരമിച്ചതുമായ ജില്ലാ ജഡ്ജിമാരെ നിയോഗിക്കാൻ നിർദ്ദേശിച്ച് സുപ്രീം കോടതി.

SIR വോട്ടർപട്ടിക സംബന്ധിച്ച പരാതികളും എതിർപ്പുകളും തീർപ്പാക്കുന്നതിനായി ജുഡീഷ്യൽ ഉദ്യോഗസ്ഥരെ ഏർപ്പെടുത്താനാണ് ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസുമാരായ ജോയ്മല്യ ബാഗ്ചി, വിപുൽ എം പഞ്ചോളി എന്നിവരടങ്ങിയ ബെഞ്ചിൻ്റെ ഉത്തരവ്. അതേസമയം, എസ്ഐആർ പ്രക്രിയയ്ക്കിടെയുള്ള അക്രമവും രാഷ്ട്രീയ ഇടപെടലും സംബന്ധിച്ച് ഉചിതമായ നടപടി സ്വീകരിക്കാൻ പശ്ചിമ ബംഗാൾ പൊലീസിനും സുപ്രീം കോടതി നിർദ്ദേശം നൽകി.

*********************************

## KERALA SIR

കേരളത്തിൽ, തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായുള്ള അന്തിമ വോട്ടർ പട്ടിക ഇന്ന് പ്രസിദ്ധീകരിക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ. രണ്ട് കോടി 69 ലക്ഷത്തി അമ്പത്തി മൂവായിരത്തി അറുനൂറ്റി നാല്പത്തി നാല് വോട്ടർമാരാണ് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. വോട്ടർ പട്ടികയിൽ പേരില്ലാത്തവർക്ക് നിയമസഭാ തെരഞ്ഞെടുപ്പിൻറെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന ദിവസം വരെ പേര് ചേർക്കാൻ അവസരമുണ്ട്.

*********************************

## PONNANI SHIP

പൊന്നാനിയിലെ കപ്പൽ നിർമാണശാലയ്ക്ക് സംസ്ഥാന സർക്കാരിൻറെ അനുമതി. പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കി മാരിടൈം ബോർഡ് സർക്കാർ അംഗീകാരത്തിന് സമർപ്പിച്ചിരുന്നു. അംഗീകാരം നൽകിയതോടെ കരാറെടുത്ത ഹൈദരാബാദ് ആസ്ഥാനമായ ട്രാവൻകൂർ പ്രിസിഷ്യൻ കമ്പോണൻ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്ക് കരാർ പൂർത്തിയാക്കി നിർമാണം ആരംഭിക്കാം.

*********************************

## VANDANAM INCIDENT

വണ്ടാനം മെഡിക്കൽ കോളേജിലെ ചികിത്സ പിഴവ് പരാതിയിൽ അന്വേഷണം നടത്തിയ വിദഗ്ധ സംഘം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് ഇന്ന് റിപ്പോർട്ട് കൈമാറും. വണ്ടാനം മെഡിക്കൽ കോളേജിലെ ശസ്ത്രക്രിയയ്ക്കിടെ വയറ്റിൽ ശസ്ത്രക്രിയാ ഉപകരണം കുടുങ്ങിയ സംഭവത്തിലാണ് ആരോഗ്യ വകുപ്പിൻറെ നടപടി. ശസ്ത്രക്രിയ നടത്തിയ ഡോ. ജെ. ഷാഹിദയേയും നേഴ്സ് പി.എസ് ധന്യയേയും അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു.

*********************************

**AK SASEENDRAN**

അതിർത്തി വനമേഖലകളിലെ സുരക്ഷയും നിരീക്ഷണവും ശക്തിപ്പെടുത്തുന്നതിനായി കാസർഗോഡ് ബന്തടുക്ക സെക്ഷനിലെ പാണ്ടിയിൽ ആധുനിക സ്റ്റാഫ് ബാരക്ക് സജ്ജമായി. വനം മന്ത്രി എ.കെ ശശീന്ദ്രൻ നാളെ വൈകുന്നേരം മൂന്നിന് ബാരക്ക് ഉദ്ഘാടനം ചെയ്യും. ഭൂമിശാസ്ത്രപരമായ സവിശേഷതകളും വ്യാപകമായ വനവിസ്തൃതിയും കാരണം വെല്ലുവിളികൾ നിറഞ്ഞ മേഖലയായ ബന്തടുക്കയിൽ ഉദ്യോഗസ്ഥ സേവനം കൂടുതൽ കാര്യക്ഷമമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

**********************************

**ICC MENS T 20 CRICKET**

ട്വന്റി - 20 ലോകകപ്പ് സൂപ്പർ എയിറ്റ് മത്സരങ്ങൾക്ക് ഇന്ന് തുടക്കം. ആദ്യമത്സരത്തിൽ ന്യൂസിലൻഡ് പാകിസ്ഥാനെ നേരിടും. നാളെയാണ് ഇന്ത്യ - ദക്ഷിണാഫ്രിക്ക പോരാട്ടം.

****************

****************************

**************************************************